# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം– വിവിധ ഗ്രേഡിലുള്ള ടൈപ്പിസ്റ്റുമാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജി.ഒ.(പി) 7/16/ഫിൻ, തീയതി: 20.01.2016.
2. ഈ ഓഫീസിലെ 18.05.2017–ലെ ഇ10–2000/16 നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 10.03.2017–ലെ ഇ10–2000/16 നമ്പർ ഉത്തരവ്
4. ഈ ഓഫീസിലെ 29.07.2017–ലെ ഇ10–2000/16 നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ: ഇ10–2000/16(1), തീയതി:30.08.2017

പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഫെയർകോപ്പി സൂപ്രണ്ടായിരുന്ന ശ്രീമതി.വിജയസുധ 31.05.2017 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ശ്രീ. കെ.സുഗതന് പരാമർശം (2) പ്രകാരം 01.06.2017 തീയതി പ്രാബല്യത്തിൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകുകയും ടിയാൻ 31.07.2017 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പരാമർശം (4) പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന ശ്രീ.അനിൽകുമാറിന് 01.08.2017 തീയതി പ്രാബല്യത്തിൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ യഥാക്രമം 01.06.2017, 01.08.2017 തീയതികൾ പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകളെ തുടർന്നും, കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.നെല്ലേരി സചീന്ദ്രൻ 31.07.2017 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ഉണ്ടായിട്ടുള്ള വിവിധ ഗ്രേഡുകളിലേക്ക് ചുവടെപ്പറയും പ്രകാരം കോളം നം.2–ൽ പരാമർശിച്ചിരിക്കുന്ന ക്രമനമ്പറുകൾ (1),(2)ജീവനക്കാർക്ക് അവരുടെ പേരിന് നേരെ കോളം നം(2)–ൽ പരാമർശിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റുമാരായും ക്രമനമ്പറുകൾ(3),(4),(5) ജീവനക്കാർക്ക് അവരുടെ പേരിന് നേരെ കോളം നം.2–ൽ പരാമർശിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരായും ക്രമനമ്പറുകൾ(6)(7)(8) ജീവനക്കാർക്ക് അവരുടെ പേരിന് നേരെ കോളം നം.2–ൽ പരാമർശിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ യു.ഡി ടൈപ്പിസ്റ്റുമാരായും സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു..

| ക്രമ നം | പേര് | തസ്തിക | പ്രാബല്യ തീയതി | പ്രൊമോഷൻ തസ്തിക |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ശ്രീമതി. റജീന.ടി.എ | സീനിയർ ഗ്രേഡ് | 01.06.2017 | സെലക്ഷൻ ഗ്രേഡ് |
| 2 | ശ്രീമതി.അജിത.ടി.സി | സീനിയർ ഗ്രേഡ് | 01.08.2017 | സെലക്ഷൻ ഗ്രേഡ് |
| 3 | ശ്രീമതി. ദിവ്യ.കെ.ആർ | യു.ഡി ടൈപ്പിസ്റ്റ് | 01.06.2017 | സീനിയർ ഗ്രേഡ് |
| 4 | ശ്രീമതി.ഷിജി.പി.കെ | യു.ഡി ടൈപ്പിസ്റ്റ് | 01.08.2017 | സീനിയർ ഗ്രേഡ് |
| 5 | ശ്രീ.ഷാജി.വി.കെ | യു.ഡി ടൈപ്പിസ്റ്റ് | 01.08.2017 | സീനിയർ ഗ്രേഡ് |
| 6 | ശ്രീമതി.പിങ്കി. എസ് | എൽ.ഡി ടൈപ്പിസ്റ്റ് | 01.06.2017 | യു.ഡി ടൈപ്പിസ്റ്റ് |
| 7 | ശ്രീമതി.കുഞ്ഞുമോൾ പി.ജെ | എൽ.ഡി ടൈപ്പിസ്റ്റ് | 01.08.2017 | യു.ഡി ടൈപ്പിസ്റ്റ് |
| 8 | ശ്രീ.രമീസത്.എ | എൽ.ഡി ടൈപ്പിസ്റ്റ് | 01.08.2017 | യു.ഡി ടൈപ്പിസ്റ്റ് |

ടി ജീവനക്കാർക്ക് പരാമർശം (1) പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.ബന്ധപ്പെട്ട മേലധികാരികൾ സ്ഥാനക്കയറ്റം സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)

**പി.മേരിക്കുട്ടി ഐ.എ.എസ്.**

**പഞ്ചായത്ത് ഡയറക്ടർ**

**വ്യക്തിക്ക്**

പകർപ്പ് :

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്,ആലപ്പുഴ,തൃശൂർ,കൊല്ലം,ഇടുക്കി
സെക്രട്ടറി,ജില്ലാപഞ്ചായത്ത്,ആലപ്പുഴ,ഇടുക്കി
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,തൃശൂർ,കോഴിക്കോട്
കരുതൽ/അധികം

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**